# 2025-26

# AUPS HOSDURG THERUVATH

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

1962 ൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ഒരു പ്രദേശത്ത് ഒരു പറ്റം സാമൂഹ്യ സേവകരുടെ കൂട്ടായ്മയിൽ സ്ഥാപിതമായ വിദ്യാലയമാണ് എ.യു.പി. സ്കൂൾ ഹൊസ്ദുർഗ് തെരുവത്ത്. കുട്ടികളുടെ എല്ലാ മേഖലയിലുമുള്ള പുരോഗതി മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ 9 അധ്യാപകരും (DEVOLOPED) അധ്യാപകരുമാണ് ഉള്ളത്.

ഇന്ന് ഒരുപാട് പ്രതിസന്ധികളിലൂടെയാണ് ഈ വിദ്യാലയം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ദേശീയപാത വികസനത്തിന്റെ ഭാഗമായി 2 ക്ലാസ് മുറികൾ നഷ്ടപ്പെട്ടിരിക്കുന്നു. കുട്ടികളുടെ എണ്ണത്തിലും കുറവ് വന്നിരിക്കുന്നു. മൂന്ന് അധ്യാപകർ സംരക്ഷണാ മൂല്യത്തോടെ മറ്റ് വിദ്യാലയങ്ങിൽ ജോലി ചെയ്തുവരുന്നു. ഈ അവസരത്തിൽ സ്കൂളിന് ഒരു തിരിച്ചുവരവ് അനിവാര്യമായിരിക്കുകയാണ്. അതിന് കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. സ്കൂളിന്റെ അക്കാദമിക- അനക്കാദമിക പ്രവർത്തനങ്ങളിലൂടെ മാറ്റം പൊതു സമൂഹത്തെ ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ , ആധുനിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോചനപ്പെടുത്തി സാധ്യമാക്കാൻ ഉതകുന്ന രീതിയൽ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. എല്ലാ മേഖലകളിലും ഉണർവ്വ് സൃഷ്ടിച്ചുകൊണ്ട് സാമൂഹ്യപിന്തുണയോടെ നല്ലൊരു അധ്യയനവർഷം സാധ്യമാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ....

# അക്കാദമിക കാഴ്ചപ്പാട്

- വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റൽ
- എല്ലാ കുട്ടികളിലും അടിസ്ഥാനശേഷി ഉറപ്പാക്കൽ
- പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കൽ
- ഉൾചേർന്ന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകൽ
- സൗഹൃദപരമായ അന്തരീക്ഷമൊരുക്കൽ
- കാലത്തിന്റെ ആവശ്യകത നിറവേറ്റാൻ സമൂഹത്തെ സജ്ജമാക്കൽ
- മൂല്യബോധമുള്ള പൗരന്മാരെ സൃഷ്ടിക്കൽ.

# ലക്ഷ്യങ്ങൾ

- അധ്യാപനവും അധ്യയനവും സർഗ്ഗാത്കമകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- 5 മുതൽ 7 വരെ ക്ലാസ്സുകളിലെ  പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഉന്നൽ നൽകിക്കൊണ്ടുള്ള  പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനാകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുകയും ചെയ്യുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജന വിഭാഗങ്ങൾക്കും ഉറപ്പാക്കുക.
- ഭിന്നശേഷി നിലവാരക്കാരെ മുഖ്യധാരയിലെത്തിക്കുക
- നാടിന്റെ ചരിത്ര മനസ്സിലാക്കി മൂല്യസംരക്ഷണ മനോഭാവം വളർത്തൽ

# അവസ്ഥാ പഠനം

- ആശയ ധാരണ ഉണ്ടെങ്കിലും ലിഖിത രൂപത്തിലേക്ക് മാറ്റി പ്രകടിപ്പിക്കാനുള്ള (വിവിധ ഭാഷകളിൽ) ശേഷിയില്ലായ്മ)
- ഗണിതത്തിലെ അടിസ്ഥാന ശേഷികളായ ചതുഷ്ക്രിയകളിൽ ഗുണന-ഹരണ ക്രിയകൾ ഉൾപ്പെടുന്ന പ്രശ്ന പരിഹരണ ശേഷിക്കുറവ്.
- സ്വന്തം സമൂഹത്തെ തിരിച്ചറിയുന്നതിനും , ഉൾച്ചേർന്ന സമൂഹത്തെ അംഗാകരിക്കേണ്ടതാണെന്ന കാഴ്ച്ചപ്പാട് എല്ലാവരിലും കാണാനില്ല.
- സ്വന്തം പ്രദേശത്തിന്റെ സംസ്ക്കാരിക കാഴ്ച്ചപ്പാട് ഇല്ലായ്മ
- പഠനത്തിന്റെ പ്രാധാന്യ തിരിച്ചറിയാത്ത അവസ്ഥ

# പ്രശ്ന വിശകലനം

ഭാഷാ ക്ലാസ്സുകളിൽ കുട്ടികൾക്കു വായിക്കുവാനും ആശയ ഗ്രഹണം നടത്താനുമാകുന്നുണ്ട്. എന്നാൽ അത് ലിഖിത രൂപത്തിലേക്ക് മാറ്റാനുള്ള പ്രശ്നമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. വാചികമായി ആശയ പ്രകടനം നടത്തുന്നുണ്ടെങ്കിലും അത് എഴുതി ഫലിപ്പിക്കാൻ മിക്കവാറും കുട്ടികൾക്ക് സാധിക്കുന്നില്ല. വായനയുടെ അഭാവമാണ് ഇതിന് കാരണം എന്ന് മനസ്സിലാക്കുന്നു. കുട്ടികൾക്ക് ക്ലാസുകളിൽ സംസാരിക്കാനുള്ള ധാരാളം അവസരങ്ങൾ നൽകേണ്ടിയിരിക്കുന്നു. ധാരാളം വാക്കുകൾ കിട്ടാൻ ഇത് സഹായിക്കും. ഇതുപോലെ ഗണിതത്തിൽ സങ്കലനം , വ്യവകലന ക്രിയകൾ കുട്ടികൾ വളരെ പെട്ടെന്ന് ചെയ്യുന്നുണ്ട്. ഗുണന ഹരണ ക്രിയകൾ ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ രസകരമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിലേക്ക് എത്തിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീസ് സംസാരിക്കാനുള്ള ശേഷിയും നേടണം. വിവിധ ഭാഷകൾ പഠിക്കുന്ന വിദ്യാലയമാണ് നമ്മുടേത്. അറബി, ഹിന്ദി, ഉറുദു ഭാഷകളിലും കുട്ടികൾ സംസാരിക്കേണ്ടിയിരിക്കുന്നു. അതും മുന്നിൽ കണ്ടുള്ള പഠനം നടത്തിയേ തീരൂ...

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനപ്രോത്സാഹിപ്പിക്കുക | പുസ്തക വായന, ആസ്വാദനക്കുറിപ്പ് ത യ്യാറാക്കൽ, വായനാകാർഡ് നിർമ്മാണം. | ജൂൺ മാർച്ച് | അധ്യാപിക | |
| അറിവ്, വർദ്ധന, ഓർമ്മ വർദ്ധന | മലയാള സാഹിത്യരചനകൾ വായിപ്പിക്കൽ, ക്വിസ് | ജൂൾ മാർച്ച് | | |
| എഴുത്തുകൂട്ടം, സർഗാത്മക രചനകളിൽ ഏർപ്പെടൽ, അവസരമൊരുക്കൽ | വായന സാമഗ്രികൾ നിർമ്മാണം. രചന ശില്പശാല, കവിയരങ്ങ് | ടേമിൽ ഒന്ന് | | |
| ഭാഷാശേഷി വകസനം | **ബ്ലോഗ് നിറയ്ക്കൽ** കുട്ടികളുടെ രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസം | | |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | . **സർഗ സല്ലാപം**, പ്രാദേശികമായി ലഭ്യമാ കുന്ന എഴുത്തുകാരെ സ്കൂളിലെ ത്തിക്കൽ അനുഭവങ്ങൾ പങ്കുവെക്കൽ | ടേമിൽ | | |
| വിവിധ ശേഷികളുടെ വികസനം | **ദിനാചരണങ്ങൾ** സാഹിത്യകാരന്മാരെ സ്മരിക്കൽ, ജീവി ത ചരിത്രം തയ്യാറാക്കൽ, ക്വിസ്സ് | പ്രതിമാസം | | |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ | ലൈബ്രറി ശാക്തീകരണം പിറന്നാൾ ദിനത്തിൽ ഒരു പുസ്തകം, പുസ്തക ക്രമീകരണം | | | |

| ENGLISH | | | |
|---|---|---|---|
| **OBJECTS** | **A** | **PERIOD** | **PROPOHIBILITY** |
| create Confidence in learning and friendly atmosphere. To develop vocabulary in learning. | Let's Play Language game. Word Wall Collective picture drawing story time. | June – February | Teacher Pupil |
| Able to Construct Simple Sentences | Word Jar Flash cards, Describe the Picture, Word chain. Cross Word puzzle. | June – February | Teacher Pupil |
| To develop the Skill of LSRW | Sentence chain Picture to Sentence, Word prompt sentence making Jumbled Works. Sentence from Word Cards. Daily routine Sentences. Fill in the blanks | June – February | Teacher Pupil |
| | Show and Tell Audio Stories, Action game Role play. Picture description Daily Conversation practices Story telling. Guided Reading Comprehension, Picture based story writing, Dairy writing short skit. | June – February | Teacher Pupil |
| To improve Creativity in learning | Funny Time Story competition, Tongue twists, joker mind mapping actives brochures design. | | |
| Develop their performance skill | Choreography , skit, radio drama, English fest | | |

# ആമുഖം

അന്തർതദേശീയ രംഗത്ത് ഇഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോക ഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശീക ഭാഷകളിൽ ശ്രദ്ദേയമായ ഭാഷ. അറബിയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യ ജീവിതിത്തിൽ ഇടം നൽകിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തമാണ്.

പ്രാചീന സെമിറ്റിക് ഭാഷാ കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷയാണ് അറബി. സമ്പന്നമായ അറബി കലാ സാഹിത്യങ്ങളിലും , മുസ്തഫ ലുത്ഫി മൻഫലൂത്വി (1876- 1924) യുടെ കഥകളും, അഹ്മദ് ശൗഖിയുടെ (1869-1932) യുടെ കവിതകളും അറബിഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലത് മാത്രമാണ്. നോബൽ പുരസ്കാര ജേതാവാണ് അറബി സാഹിത്യകാരനായ ഡോ. നജീബ് മഹ്ഫൂള്. കുമാരനാശാന്റെ വീണപൂവ്, ശ്രീനാരായണ ഗുരുവിന്റെ ദൈവദശകം, തകഴിയുടെ ചെമ്മീൻ, ബെന്യാമിന്റെ ആട് ജീവിതം തുടങ്ങിയവ അറബിഭാഷയിലും ലഭ്യമാണ്.

അറബിഭാഷാ പഠനത്തിൽ ഉളവാക്കുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

റഷീദ് മൂപ്പന്റകത്ത്.

# അറബിക്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | അറബിഭാഷാ പഠന നേട്ടങ്ങൾ എല്ലാകുട്ടികളും നേടുക<br>ഭാഷയിലെ ഒരു പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ വ്യത്യാസം മനസ്സിലാക്കി ഉപയോഗിക്കുവാൻ സാധിക്കുക. രൂപപ്പെട്ടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്** :<br>ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. എഴുത്ത് വായനയും പരിപോഷിപ്പിക്കുന്നു.<br>ഫ്ളാഷ് കാർഡുകൾ ഗെയിമുകൾ തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. | മൂന്ന് മാസം ജൂൺ, ജൂലൈ, ആഗസ്ത് | പുസ്തകങ്ങൾ, കാർഡുകൾ സിഡികൾ |
| 2. | അറബിഭാഷ ശേഷി വർദ്ധിപ്പിക്കുക.<br>പദ സമ്പത്ത് വർദ്ധിപ്പിക്കുക. | **പുതിയ പദ പരിചയം**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകങ്ങളിലെ പദങ്ങൾക്ക് പുറമെ അഞ്ച് വാക്കുകൾ ശേഖരിക്കുവാൻ അവസരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, കാർഡുകൾ സിഡികൾ |
| 3. | അറബി ഭാഷാ ആശയങ്ങളുംപദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം<br>യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥം സഹിതം എഴുതുന്നു. അവസാനം പ്രിന്റ് പി.ഡി.എഫ് ചെയ്ത് നൽകുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | നിഘണ്ടു |

# ആമുഖം

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എഴുത്ത്, വായന സർഗ്ഗാത്മകത മുതലായവയിൽ ശേഷി നേടുന്നതിനും അക്കാദമികമായ നേട്ടങ്ങൾ കൈവരിക്കുന്നതിലെ അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉല്ലാസത്തോടുകൂടി അക്കാദമിക നേട്ടങ്ങൾ കൈവരിക്കാനാവശ്യമായ ഇടപെടലുകൾ ലക്ഷ്യം വെച്ചാണ് അക്കാദമിക മാസ്റ്റർപ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഉറുദു ഭാഷയിൽ 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് എഴുത്ത് വായന സർഗ്ഗാത്മകത മുതലായവയുടെ പാടവം വർദ്ധിപ്പാക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യം വെക്കുന്നത്.

# ഉറുദു

| മേഖല / ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രി | നിർവ്വഹണ ചുമതല | സാമ്പ ത്തികം | കാല യളവ് |
|---|---|---|---|---|---|
| വായന 5,6,7 ക്ലാസു കളിലെ ഉർദുഭാഷ പഠിക്കുന്ന കുട്ടികൾ ക്ക് ഭാഷ ആനായാ സം കൈകാര്യം ചെ യ്യാനായി വായനാശേ ഷി കൈവരിക്കുന്ന തിന് | ലോകോത്തര ഭാഷയായ ഉർദു വിൽ വായനാ ശേഷി കൈവരി ക്കാനായി വിവിധ സാമഗ്രകളു ടെയും ഭാഷാപദക്ലാസുകൾ ഉപ യോഗിച്ചുള്ള കളികളുടെയും സഹായത്തോടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു. | • ഉറുദു അക്ഷര കാർഡ്<br>• ഉറുദു പദ കാർ ഡുകൾ<br>• വായന കാർഡ്<br>• ചിത്ര കാർഡ്<br>• ചുമർ പത്രിക വായന<br>• ചെറുകഥ പുസ്ത കങ്ങൾ | ഉർദു അധ്യാപിക | ഉർദു അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| സ്വതന്ത്ര വായന | **ടി. സഹായത്തോടെ വായന പരിഭോഷണം നടതടത്തുന്നു. അക്ഷരം കാർഡുകൾ ഉപയോഗ പ്പെടുത്തി വായനയിലും എഴു ത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് എഴുതാനും വായി ക്കാനും കൂടുതൽ അവസരം നൽകി മെച്ചപ്പെടുത്തുക. .** | | | | |

| ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പുതിയ ഭാഷ പഠിക്കാൻ ആരംഭിക്കുന്നതിനാൽ ഇഷ്ടം തോന്നാനും അക്ഷരങ്ങൾ പരിചയപ്പെടാനും ധാരാളം അവസരങ്ങൾ ഒരുക്കൽ | • പുതിയ പദങ്ങൾ, വാക്യങ്ങൾ, പദ്യങ്ങൾ ആവർത്തിച്ച് ചൊല്ലുക,<br>• അക്ഷരങ്ങൾ മനസ്സിലാക്കുന്നു.<br>• ചിത്രങ്ങൾ പദ ചാർട്ട്, കവിതാ ചാർട്ട് ഐ.സി.ടി എന്നിവ ഉപയോഗപ്പെടുത്തുന്നു.<br>• | ജൂൺ മുതൽ സെപ്തംബർ വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം. | • നിരന്തരം പുസ്തകങ്ങൾ വായിപ്പിച്ചും കേൾപ്പിച്ചും (അധ്യാപിക) കുട്ടികൾക്ക് ഭാഷയോട് താൽപര്യം വളർത്തുന്നു.<br>• ഐ.സി.ടി വായനാ കാർഡുകൾ, ഹിന്ദി ചിത്ര കഥകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു.<br>• ഹിന്ദി വായനാ മത്സരം നടത്തുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | ഹിന്ദി അധ്യാപിക ഹിന്ദി ക്ലബ്ബ് | അദ്ധ്യാപിക |
| **ഹിന്ദി ഭാഷ സംസാരിക്കൽ**:<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കൽ<br>നിത്യജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ സംസാരിക്കാനുള്ള ശേഷി നേടൽ | • ക്ലാസ്സുകളിൽ പരമാവധി ഹിന്ദി സംസാരിക്കൽ<br>• ഹിന്ദി അസംബ്ലി നടത്തി കുട്ടികളെ കൊണ്ട് സംസാരിപ്പിക്കൽ<br>• ഹിന്ദി സംഭാഷണ മത്സരം നടത്തൽ<br>• പഠിച്ച വാക്കുകൾ ഉപയോഗിച്ച് എന്റെ ഹിന്ദി പുസ്തകം തയ്യാറാക്കൽ | ജൂൺ മാർച്ച് | അധ്യാപിക ഹിന്ദി ക്ലബ്ബ് | |

# അടിസ്ഥാന ശസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | **പ്രകൃതിയിലേക്ക്...** വൈവ വൈവിധ്യം തിരിച്ചറിയാൻ വിവിധ തരം സസ്യങ്ങൾ, പക്ഷികൾ, പുഴ തുടങ്ങിയവയെ അറിയാൻ യാത്ര | അക്കാദമിക വർഷം | അധ്യാപകർ, കുട്ടികൾ | പി.ടി.എ |
| പരീക്ഷണ പ്രവർത്തങ്ങളിലൂടെയും ജീവിത സാഹചര്യങ്ങളിലിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | **പരീക്ഷണക്കളരി**: ചുറ്റുപാടുമുള്ള വസ്തുക്കളുപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ, കുട്ടികൾ | രക്ഷിതാക്കൾ |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ നൂതന മാർഗ്ഗങ്ങളിലൂടെ സ്വയം കണ്ടെത്താനുള്ള കഴിവ് നേടുക. | ശാസ്ത്ര സമീപനം: വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ, കുട്ടികൾ | പി.ടി.എ എസ്.എസ്.കെ |
| ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക സഹായത്തോടെ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **ശാസ്ത്ര ലോകത്തേക്ക്...** ഐ.സി.ടി യുടെ സഹായത്തോടെ ജീവ ചരിത്രം പരിശോധിക്കൽ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ലഭ്യമാക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ | അധ്യാപകർ |
| വിവിധ ശാസ്ത്ര ശേഷികൾ വികസിപ്പിക്കൽ | ശാസ്ത്രവണ്ടി...ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിക്കൽ (ക്വിസ്സ് മത്സരങ്ങൾ, മാതൃകാ നിർമ്മാണം, ദിനാചരണ പ്രവർത്തനങ്ങൾ....) | അക്കാദമിക വർഷം | അധ്യാപകർ | പി.ടി.എ എസ്.എസ്.കെ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കൽ | **ശാസ്ത്ര ചുമർ നിർമ്മാണം**: ഓരോ ക്ലാസിലും ശാസ്ത്രോപകരണങ്ങൾ ചിത്രങ്ങള് തുടങ്ങിയവ ഉൾപ്പെടുത്തി ചുമർനിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യപകർ, കുട്ടികൾ | അധ്യാപകർ, രക്ഷിതാക്കൾ |

| സാമൂഹ്യ ശസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം, ക്രിമിനൽ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം. | **തിരിച്ചറിവ്**<br>• സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ ട്രാഫിക പോലീസ് എന്നിവരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണം.<br>• ജാഗ്രതാ സമിതി നിരീക്ഷണം ശക്തിപ്പെടുത്തൽ. | ജൂൺ | അധ്യാപകർ, ജാഗ്രതാ സമിതി | പി.ടി.എ |
| സ്വന്തം പ്രദേശത്തെക്കുറിച്ചുള്ള ധാരണ വളർത്തുന്നതിനും ദേശ സ്നേഹം വളർത്തുന്നതിനും. | **പ്രാദേശിക ചരിത്ര രചന**<br>സ്വന്തം നാടിന്റെ ചരിത്രം പരിശോധിക്കൽ, ഉത്ഭവം കണ്ടെത്തൽ, കലാ സാംസ്കാരിക രംഗത്തെ പ്രമുഖരെ മനസ്സിലാക്കൽ, നാടിന്റെ സംസ്ക്കാരം തിരിച്ചറിയൽ, സംരക്ഷിക്കാനുള്ള മനോഭാവം വളർത്തൽ)<br>Field Trip | ജൂൺ<br>ജൂലൈ | അധ്യപകർ<br>കുട്ടികൾ<br>പി.ടി.എ | പി.ടി.എ<br>അധ്യപകർ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് സമൂഹത്തിലേക്ക്<br>ഗ്രാമസഭ , വാർഡ് സഭ സന്ദർശിച്ച് ജനാധിപത്യ ഭരണ രീതിയുടെ അടിസ്ഥാന തലങ്ങൾ മനസ്സിലാക്കുന്നു.<br>ക്ലാസ് തല പാർലമെന്റ് രൂപീകരണം<br>ക്ലാസ്സ് സഭ രൂപീകരണം) | ആഗസ്ത് | അധ്യപകർ<br>കുട്ടികൾ<br>ക്ലബ്ബ്-സാമൂഹ്യ ശാസ്ത്രം | അധ്യപകർ |

| | | | | |
|---|---|---|---|---|
| ഉൾച്ചേർന്ന വിദ്യാഭ്യാസം കുട്ടികളുടെ അവകാശങ്ങൾസംരക്ഷണം സാമൂഹിക നീതി എന്നിവ ഉറപ്പാക്കൽ | വിവിധ ബോധവത്കരണ ക്ലാസുകൾ, അധ്യാപനം ഉൾപ്പെടുത്തലുകൾ അസംബ്ലി കൈകാര്യം ചെയ്യൽ, സ്കൂൾതല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കൽ | | അധ്യാപകർ | പി.ടി.എ |
| സാമൂഹ്യ ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ | ഐ.സി.ടി യുടെ അധിക പഠന സാധ്യതകൾ നൽകുക.<br>ക്വിസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ.<br>സ്കോളർഷിപ്പ് പരിശീലനങ്ങൾ പഠനത്തോടൊപ്പം നൽകൽ. | അക്കാദമിക വർഷം | അധ്യാപകർ | പി.ടി.എ |
| ദിനാചരണങ്ങളെ സാമൂഹ്യ ശാസ്ത്ര പഠനവുമായി ബന്ധിപ്പിക്കുക. | ക്ലബ്ബ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക<br>അസംബ്ലിയിൽ റിപ്പോർട്ട് അവതരണം | അക്കാദമിക വർഷം | അധ്യാപകർ<br>കുട്ടികൾ<br>ക്ലബ്ബുകൾ | |
| മികവുത്സവം | ഓരോ കുട്ടിയുടെയും ഒരു വർഷത്തെ പഠന മികവ് അവതരിപ്പിക്കൽ | | അധ്യാപകർ<br>രക്ഷിതാക്കൾ<br>കുട്ടികൾ | അധ്യാപിക |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബൊരുക്കൽ<br>ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ ഒരുക്കൽ | ജൂൺ | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ<br>എസ്.എസ്.കെ |
| വിദ്യാലയ പ്രവർത്തനങ്ങളെ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധിപ്പിക്കൽ | കരങ്ങൾ ചേർക്കാം<br>ഗണിത പ്രാധാന്യമുള്ള ദിനാചരണ പ്രവർത്തനങ്ങളെ സാമൂഹിക പ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് വിവര ശേഖരണം. | അക്കാദമിക വർഷം | ഗണിതാധ്യാപകർ | പി.ടി.എ<br>എസ്.എസ്.കെ |
| വിവിധ ഗണിത ശേഷികൾ വികസിപ്പിക്കൽ | ഗണിതമേള: വിവിധ ഗണിത മത്സരങ്ങൾ സംഘടിപ്പിക്കൽ ക്വിസ്സ് പസിൽ ... | സെപ്തംബർ | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ<br>എസ്.എസ്.കെ |
| വിവിധ ഗണിത ശേഷകളുടെ വികാസം എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | ഗണിത പോഷണ പരിപാടി ഗണിതത്തിൽ പിന്നാക്കക്കാരായ കുട്ടികൾക്ക് മുന്നോക്കക്കാരുടെ സഹായത്തോടെ പഠന പിന്തുണ നൽകുക. | ജൂലൈ മാർച്ച് | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ ഐ.ടി സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തൽ (Geogebra) | അക്കാദമിക വർഷം | ഗണിതാധ്യാപകർ | |
| ഗണിത പ്രക്രിയശേഷി വികസിപ്പിക്കൽ | ഗണിത ചുമർ നിർമ്മാണം<br>ഗണിതാശയങ്ങൾ, നിർമ്മിതികൾ, തുടങ്ങിയവ ചുമരിൽ പ്രദർശിപ്പിക്കൽ | അക്കാദമിക വർഷം | ഗണിതാധ്യാപകർ<br>കുട്ടികൾ | എസ്.എസ്.കെ |